സ്റ്റേറ്റ് ബാങ്ക് ഗ്രൂപ്പ് ലയനത്തിന് മുൻപുള്ള കാലം...

വായ്പാ അക്കൗണ്ടുകളുടെ സമഗ്രമായ വിശകലനത്തിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിലവിലുള്ള പ്രോഗ്രാം സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിലും വാങ്ങി ഉപയോഗിക്കാം എന്ന ഉദ്ദേശത്തോടെയാണ് ഒരു ഐ ടി ടീം ഹൈദരാബാദിലേക്ക് പോയത്. അതേക്കുറിച്ച് പഠിച്ച ടീം അവിടെ നിന്നും തിരികെ വരുമ്പോഴാണ് ടീമിലെ ഡെപ്യൂട്ടി മാനേജർ "എന്ത് കൊണ്ട് ഇതിനൊരു പ്രോഗ്രാം നമുക്ക് ചെയ്തുകൂടാ...?" എന്ന സംശയം തന്റെ മേലധികാരിയോട് ഉന്നയിക്കുന്നത്. അത് അദ്ദേഹം ഉന്നതാധികാരികളുടെ മുന്നിൽ അവതരിപ്പിക്കുകയും ടീമിനെയും ടീമിന്റെ തലവനെയും കുറിച്ച് ഉറച്ച വിശ്വാസമുള്ള അവർ അതിന് അനുമതി നൽകുകയും ചെയ്തു. ഒന്നര മാസം കൊണ്ട് ടീം അതേക്കുറിച്ച് നല്ലത് പോലെ പഠിക്കുകയും മുന്നോട്ട് പോകാൻ തീരുമാനിക്കുകയും ചെയ്തു. ജോലികൾ പുരോഗമിക്കുമ്പോഴാണ് മറ്റൊരു വിഷയം കടന്നുവന്നത്. മൂന്നാഴ്ച്ച കഴിഞ്ഞാൽ ബാങ്കിന്റെ ആനുവൽ ജനറൽ മീറ്റിംഗ് ആണ്. അതിൽ പങ്കെടുക്കാൻ എസ് ബി ഐ ചെയർമാൻ എത്തും. "അദ്ദേഹത്തെ കൊണ്ട് ഇത് ഉത്ഘാടനം ചെയ്യിച്ചാലോ? ഇത് അന്നേക്ക് തയാറാകുമോ..?" മേലധികാരിക്ക് ആശങ്ക ഉണ്ടായെങ്കിലും ഡെപ്യൂട്ടി മാനേജർ തന്റെ സ്ഥായിയായ ഭാവത്തിൽ ചിരിച്ചു.."തീരും സാർ.." എന്ന മറുപടി ആ ചിരിയിലുണ്ടായിരുന്നു.

മൂന്നാഴ്ച്ചക്ക് ശേഷം നടന്ന ആനുവൽ ജനറൽ മീറ്റിംഗിന് ശേഷം ഹെഡ് ഓഫീസ് സന്ദർശിച്ച എസ് ബി ഐ ചെയർമാൻ ഐ ടി വകുപ്പിന്റെ ഓഫീസിൽ വച്ച് ATC എന്ന ആ പാക്കേജ് ഉത്ഘാടനം ചെയ്തു. കരുത്തനായ ലീഡറുടെ കീഴിൽ ടീം നേടിയ ഉജ്വല നേട്ടം. ടീമിൽ ഉണ്ടായിരുന്ന മൂന്ന് പേർക്കും ബാങ്ക് പ്രത്യേക പാരിതോഷികം നൽകി ആദരിച്ചു. ഇത്തരം വേദികളിൽ പിന്നിലേക്ക് നീങ്ങിനിൽക്കാറുള്ള ഡെപ്യൂട്ടി മാനേജരെ ഉന്നത ഉദ്യോഗസ്ഥ ടീം ലീഡർക്കൊപ്പം മുന്നിലേക്ക് നീക്കി നിർത്തി എസ് ബി ഐ ചെയർമാനും എസ് ബി ടി മാനേജിങ് ഡയറക്ടർക്കും ഒപ്പം എടുത്ത ഫോട്ടോ തന്നെ ഈ ആളുടെ പിൻവലിയൽ സ്വഭാവം വ്യക്തമാക്കുന്നുണ്ട്.

ചിലർ അങ്ങനെയാണ്, താൻ ചെയ്യാനുള്ളതൊക്കെ ഭംഗിയായി ചെയ്തു തീർക്കും എന്നിട്ട് പിന്നിലേക്ക് നീങ്ങി നിൽക്കും, ഇത് ജോലിയിൽ മാത്രമല്ല,
ഇതരമേഖലകളിലും ഇവരിങ്ങനെ തന്നെ. ഇവരുടെ കഴിവുകൾ അടുത്ത് നിന്ന് സശ്രദ്ധം വീക്ഷിക്കുന്ന ഒരാൾക്ക് മാത്രമേ അവ തിരിച്ചറിയാൻ കഴിയൂ. അങ്ങനെ ഒരാളായ ആ ഐ ടി മാനേജറെ ആണ് ഏറെ നാളത്തെ ശ്രമത്തിനൊടുവിൽ ഈ ദളത്തിലേക്ക് കൂട്ടുന്നത്.

എസ് വെങ്കടനാരായണ ശർമ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
എൽ എച്ച് ഓ, തിരുവനന്തപുരം.

കൊല്ലം അമ്മച്ചിവീടിനടുത്ത് കൃഷ്ണവിലാസമഠത്തിൽ ശങ്കരനാരായണ വാദ്ധ്യാരുടെയും ഭഗവതി അമ്മാളുടെയും അഞ്ച് മക്കളിൽ ഇളയവൻ. അച്ഛൻ ഒരു കശുവണ്ടികമ്പനിയിൽ ജോലിയിൽ ആയിരുന്നു, അവിടെ നിന്നും വിരമിച്ച് കൊട്ടാരക്കുളം ഗണപതിക്ഷേത്രത്തിൽ പൂജാരിയായി ജോലി ചെയ്യുമ്പോൾ പെട്ടെന്നാണ് അദ്ദേഹത്തിന്റെ ദേഹവിയോഗം സംഭവിച്ചത്. ശർമയുടെ എട്ടാം വയസ്സിൽ. പിന്നെ ജ്യേഷ്ഠനായി ശർമയുടെ രക്ഷകർത്താവ്. അദ്ദേഹം ഇതിനിടെ സിൻഡിക്കേറ്റ് ബാങ്കിലെ ജീവനക്കാരനായി കഴിഞ്ഞിരുന്നു.
സെയിന്റ് ആന്റണീസിലും സെയിന്റ് അലോഷ്യസിലുമായി സ്കൂൾ വിദ്യാഭ്യാസം.

അക്കാലത്താണ് സ്റ്റാമ്പ് ശേഖരണത്തിൽ ശർമക്കുള്ള കമ്പം തുടങ്ങുന്നത്. അതിന് പ്രചോദനം ആയത് രക്ഷകർത്താവും ജ്യേഷ്ഠനുമായ എസ് പി ശർമ ബാങ്കിൽ നിന്നും കൊണ്ട് വരുന്ന സ്റ്റാമ്പുകൾ ആയിരുന്നു. ഇതിനൊപ്പം വയലിൻ പഠിക്കാനുള്ള മോഹവും മൊട്ടിട്ടു. തൊട്ടടുത്ത് തന്നെ വയലിനിലും വായ്പ്പാട്ടിലും പ്രഗത്ഭനായിരുന്ന രാജാഗോപാലഭാഗവതരെ ഗുരുവായി കിട്ടി. സമയം കിട്ടുമ്പോഴൊക്കെ ചെന്ന് പഠിക്കാനുള്ള സ്വാതന്ത്ര്യം അദ്ദേഹം നൽകി.

ഇക്കാലത്ത് ഫോട്ടോഗ്രാഫിയിലും ഇത്തിരി കൗതുകം തോന്നി. 4 രൂപക്ക് റോൾ ഫിലിം കിട്ടുന്ന കാലത്ത് ഈ ചിലവേറിയ ഹോബിക്ക് പണം കണ്ടെത്തൽ ഇത്തിരി ബുദ്ധിമുട്ടായിരുന്നു.

സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ് നേരെ കൊല്ലം എസ് എൻ കോളേജിലേക്ക്. നിരവധി പ്രഗത്ഭരെ വാർത്തെടുത്ത പ്രശസ്ത കലാലയം. അതിന്റെ ചുവരുകൾക്കുള്ളിൽ വാർത്തെടുക്കപ്പെട്ടതിന്റെ ഗുണമാകാം പഠനം തീർന്ന കാലത്ത് തന്നെ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ ഗുമസ്ഥനായി ജോലി ലഭിച്ചു. 83ൽ അടൂർ ശാഖയിൽ ആയിരുന്നു ആദ്യനിയമനം. 85ൽ കൊല്ലത്തേക്ക് സ്ഥലംമാറ്റം. ഒരു വ്യാഴവട്ടക്കാലം കൊല്ലത്ത്.. ഒരുപാട് കലാസംസ്കാരിക പ്രവർത്തനങ്ങളും സാമൂഹ്യ സേവനപരിപാടികളും..

ഈ കാലത്താണ് പ്രശസ്ത മജീഷ്യൻ റ്റിറ്റി കാരുവേലിലുമായി ചങ്ങാത്തം കൂടുന്നത്. കുട്ടികാലത്ത് ഏറെ പ്രിയമുണ്ടായിരുന്ന ഈ കലാരൂപം സ്വായത്തമാക്കാൻ കിട്ടിയ ഒരസുലഭ സന്ദർഭമായിരുന്നു അത്.

97ൽ കമ്പ്യൂട്ടർ പ്രോഗ്രാമർ ആയി സ്ഥാനക്കയറ്റം കിട്ടിപ്പോയതോടെ അത് മുടങ്ങിയെങ്കിലും ജോലിക്കിടയിലെ ചെറിയ ഇടവേളകളിലും ചെറിയ ചെറിയ കുടുംബസംഗമങ്ങളിലും ശർമ തന്റെ മാന്ത്രികവിദ്യകളിലൂടെ കാണികളിൽ അത്ഭുതം വിരിയിച്ചു. കമ്പ്യൂട്ടർ പ്രോഗ്രാമർ എന്ന നിലയിൽ തനിക്ക് ലഭിച്ച ഏറ്റവും വലിയ ഭാഗ്യം 'ടി ജി എസ്' എന്നറിയപ്പെടുന്ന സുധാകരറാവുവിന്റെ ശിഷ്യനാകാൻ ലഭിച്ച

അവസരം ആണെന്ന് പറയുമ്പോൾ ശർമയുടെ വാക്കുകളിൽ റാവു സാറിനോടുള്ള ആദരവ് തിളങ്ങി നിന്നു. മാത്രമല്ല എന്നും റാവു സാറിന്റെ ശിഷ്യൻ എന്നറിയാനാണ് തനിക്ക് താല്പര്യം എന്ന് കൂടി പറയുമ്പോൾ ശർമയുടെ വാക്കുകളിൽ ഗുരുഭക്തി അതിന്റെ സമൂർത്തഭാവം കൈക്കൊണ്ട് നിന്നു.

അക്കാലത്താണ് ബാങ്ക് BOS എന്ന പേരിൽ ബാങ്കിന്റെ സ്വന്തം സോഫ്റ്റ്‌വെയർ ഉണ്ടാക്കുന്നത്. ബാങ്കിനെ പൂർണമായും കമ്പ്യൂട്ടർവത്കരിക്കാനുള്ള സോഫ്റ്റ്‌വെയർ. അതിന്റെ ഉപജ്ഞാതാവ് റാവു സാറായിരുന്നു. ആ ടീമിലേക്കാണ് ശർമ എത്തിച്ചേരുന്നത്. ബാങ്ക് ജീവിതത്തിലെ മറക്കാനാവാത്ത ഒരു കാലഘട്ടമായാണ് ശർമ അതിനെ വിലയിരുത്തുന്നത്.

2005ൽ ശർമ പ്രൊമോഷനിൽ സി ബി ഡി ബേലാപൂരേക്ക്. പ്രോഗ്രാമിങ്ങിനെക്കുറിച്ച് കൂടുതൽ അറിയാനും പഠിക്കാനും ഉള്ള അവസരം അത് നൽകി. ഇടവേളകളിൽ കിട്ടിയ സമയം കൊണ്ട് ഐ ടി യിൽ എം എസ് സി ബിരുദവും സമ്പാദിച്ചു.
2006-2007 കാലഘട്ടത്തിൽ ശർമ തയാറാക്കിയ പ്രോഗ്രാം ആണ് ബാങ്കിന്റെ എച്ച് ആർ എം എസ് വിഭാഗം, ജീവനക്കാരുടെ വിവരശേഖരണത്തിനുപയോഗിച്ചത്. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ ജോലി ചെയ്യുമ്പോൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കോർപ്പറേറ്റ് ഓഫീസിൽ ചെന്നിരുന്നു കൊണ്ട് ഇങ്ങനെ ഒന്ന് ചെയ്യാൻ കിട്ടിയ അവസരം ജീവിതത്തിലെ ഒരു വലിയ ഭാഗ്യമായാണ് ശർമ കാണുന്നത്. എന്നാൽ ഈ സോഫ്റ്റ്‌വെയർ ശർമയുടെ സംഭാവന ആണെന്നറിയുന്നവർ നന്നേ കുറവ്. 2012ൽ മാനേജർ ആയി സ്ഥാനക്കയറ്റം. 2013 മുതൽ 2018 വരെ കൊല്ലം സോണൽ ഓഫീസിൽ. അതിനിടയിൽ ചീഫ് മാനേജർ ആയി അടുത്ത സ്ഥാനക്കയറ്റം.
2018ൽ കോഴിക്കോട്ടേക്ക് സ്ഥാനചലനം. അവിടെ ആർ ബി ഓ യിൽ. 2020ൽ തിരുവനന്തപുരം എൽ എച്ച് ഓ യിലേക്ക്.
പുതുതായി ഐ ടി വകുപ്പിലേക്കെത്തുന്ന ജീവനക്കാർക്ക് ശർമ ഒരു നല്ല അധ്യാപകൻ ആണെന്ന് ബാങ്കിലെ തന്നെ ചില ഐ ടി ഓഫീസർമാർ സാക്ഷ്യപ്പെടുത്തുന്നു.

ഇനി ശർമയുടെ സ്വന്തം ശൈലിയിലുള്ള ചില ഹോബികളിലൂടെ...

സ്റ്റാമ്പ് ശേഖരണത്തെക്കുറിച്ച് മുൻപ് സൂചിപ്പിച്ചല്ലോ?
കൊല്ലം ഫിലാറ്റലിക് അസോസിയേഷൻ സ്ഥാപകസെക്രട്ടറി ആയിരുന്ന ജ്യേഷ്ഠനായിരുന്നു ഇതിലെ ഗുരു. പിന്നീട് ശർമയും ഇതിന്റെ സെക്രട്ടറിയായി പ്രവർത്തിച്ചിട്ടുണ്ട്. സ്റ്റാമ്പ് ശേഖരണം വിപുലമാക്കുന്നതിന്റെ ഭാഗമായി 2003ൽ ശർമ തിരുവനന്തപുരത്ത് പോസ്റ്റൽ വകുപ്പിന്റെ ഫിലാറ്റലിയിൽ അംഗത്വം നേടി. നമ്പറുകളോട് പണ്ടേ ഒരു പ്രത്യേക പ്രിയമുണ്ടായിരുന്ന ശർമ TVM 10000 എന്ന

അംഗത്വസംഖ്യക്ക് കാത്തിരുന്നത് നാല് മാസം.സാധാരണ സ്റ്റാമ്പുകളെക്കാൾ മിനിയേച്ചർ സ്റ്റാമ്പുകളോടും 4സ്റ്റാമ്പുകൾ ചേർന്ന ബ്ലോക്ക്, അതും ട്രാഫിക് മാർക്ക് ഉൾപ്പെട്ടവയോടും (സ്റ്റാമ്പിന്റെ ഒരു ഷീറ്റിന്റെ ഒരു ഭാഗത്ത് ആ സ്റ്റാമ്പ് അച്ചടിക്കാൻ ഉപയോഗിച്ച വർണങ്ങൾ പതിക്കുന്ന രീതി)ആണ് ശർമക്ക് താല്പര്യം. പോസ്റ്റൽ വകുപ്പിന്റെ അംഗത്വം കൊണ്ട് 2011 മുതൽ ഇന്ന് വരെ ഇറങ്ങിയ എല്ലാ സ്റ്റാമ്പുകളുടെയും ബ്ലോക്ക് സ്വന്തമാക്കാൻ ശർമക്ക് കഴിഞ്ഞു.

ഇത് പോലെ സ്കൂൾ കാലത്ത് തുടങ്ങിയ മറ്റൊരു ഹോബിയായിരുന്നു നോട്ട് ശേഖരണം. ഇതിന്റെയും പ്രചോദനം ബാങ്ക് ജീവനക്കാരനായ ജ്യേഷ്ഠൻ തന്നെയായിരുന്നു. ശർമയും ബാങ്കിൽ കയറിയതോടെ അതിന്റെ ലഭ്യതക്കുള്ള സാധ്യതയും ഏറി. ശർമയുടെ താല്പര്യം അറിയാവുന്ന സുഹൃത്തുക്കൾ നൽകിയ നോട്ടുകളാണ് ഏറെയും. ഏതാണ്ട് 200ഓളം നോട്ടുകൾ. ഇവിടെയും ശർമയുടെ നമ്പർ പ്രണയം തെളിഞ്ഞുകാണാം. ഒരേ അക്കം തുടർച്ചയായി വരുന്ന നോട്ടുകൾ, ഒരു സീരീസിലെ 7അക്കമുള്ള നോട്ടുകൾ (എല്ലാ സീരീസിലും ആറക്കമുള്ളതാവും നോട്ടുകൾ, പക്ഷേ അവസാന നോട്ട് 7അക്കമുള്ളതാവും 999999ന് ശേഷമുള്ള നോട്ട് )എന്നിവക്ക് പുറമെ പ്രിന്റ് വിട്ടു പോയ നോട്ടുകൾ, തെറ്റായി പ്രിന്റ് ചെയ്ത നോട്ടുകൾ, രണ്ട് തവണ അച്ചടി വന്ന നോട്ടുകൾ ഒക്കെ ശർമയുടെ ശേഖരത്തിലെ പ്രത്യേകതകളാണ്. ഒരു നോട്ടിൽ രണ്ട് നമ്പർ പ്രിന്റ് ചെയ്യപ്പെട്ട നോട്ടും നമ്പർ ഇല്ലാത്ത, എന്നാൽ കുറച്ച് കാലം ജനങ്ങൾക്കിടയിൽ ചുറ്റിയ ഒരു നോട്ടും തന്റെ ശേഖരത്തിലെ അപൂർവങ്ങളായ ചിലതാണെന്ന് പറയുമ്പോൾ വാക്കുകളിൽ അഭിമാനം തുടിച്ചു.

ഈ ഹോബികളെക്കാൾ ശർമക്ക് പ്രിയം ഫോട്ടോഗ്രാഫി തന്നെ. പല പല ക്യാമറകൾ മാറി മാറി വാങ്ങുകയും പരീക്ഷിക്കുകയും ചെയ്ത ശർമക്ക് പ്രിയം മൂന്ന് കൊല്ലം മുൻപ് സ്വന്തമാക്കിയ നിക്കോൺ ഡി 5300 തന്നെ.

തന്റെ ശേഖരങ്ങളുടെയും ഫോട്ടോകളുടെയും നല്ല ഒരു പ്രദർശനം ഒരുക്കാനുള്ള സാധ്യതകൾ ഉണ്ടെങ്കിലും സുഹൃത്തുക്കളുടെ നിർബന്ധങ്ങൾക്ക് വഴങ്ങി ചില ചെറിയ പ്രദർശനങ്ങൾ മാത്രമാണ് ശർമ ഒരുക്കിയിട്ടുള്ളത്.
കൊല്ലത്തെ പുഷ്പഫലസസ്യപ്രദർശനത്തോടനുബന്ധിച്ചും പബ്ലിക് ലൈബ്രറിയിൽ ചില പരിപാടിയോടാനുബന്ധിച്ചും നടത്തിയ പ്രദർശനങ്ങൾ നിരവധി പേരുടെ പ്രശംസ നേടിയിട്ടുണ്ട്.

1995ൽ ആണ് ശ്രീമതി രമാദേവി ശർമയുടെ ജീവിതസഖിയാകുന്നത്. എം സി എ പൂർത്തിയാക്കി ടി സി എസിലേക്ക് തെരഞ്ഞെടുക്കപ്പെട്ട് നിൽക്കുന്ന ശങ്കരനാരായണ ശർമയും പ്ലസ് ടു കഴിഞ്ഞ് നിൽക്കുന്ന വർഷിണിയുമാണ് മക്കൾ. രണ്ട് പേരും നല്ല പാട്ടുകാരാണെന്നതിനു പുറമെ മകൾ കീ ബോർഡ് വായിക്കുന്നതിലും ചിത്രം വരക്കുന്നതിലും

തന്റേതായ ഒരിടം ഇതിനകം കണ്ടെത്തിയിട്ടുണ്ട് എന്ന് പറയുമ്പോൾ ശർമക്ക് ഏറെ സന്തോഷം.

ശർമയുടെ ഒരു പ്രദർശനം നമ്മുടെ കൊല്ലം മീറ്റിനോടനുബന്ധിച്ച് മനസ്സിൽ ഉണ്ടായിരുന്നെങ്കിലും മീറ്റ് നടക്കാത്തത് കൊണ്ട് നടക്കാതെ പോയി. എങ്കിലും വരും കാലങ്ങളിൽ നമുക്ക് അതൊക്കെ നേരിൽ കാണാൻ കഴിയും എന്നാണ് വിശ്വാസം. ശർമയുടെ കഴിവുകളും ശേഖരവും മറ്റുള്ളവർക്ക് ആസ്വദിക്കാൻ കൂടി ഉപകരിക്കുന്ന വേദികൾ ഉണ്ടാകട്ടെ എന്ന് ആഗ്രഹിക്കുകയും ടാലന്റഡ് ബാങ്കേഴ്സ് അതിനായി ആശംസകൾ നേരുകയും ചെയ്യുന്നു.

---------------------------------------------------------------------------------------------

തയ്യാറാക്കിയത് : അനിൽ ഉണ്ണിത്താൻ ( Anil Unnithan), സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, അഞ്ചാലുംമൂട് ശാഖ, കൊല്ലം

English version: Arya Gayathri , State Bank of India, Thiruvananthapuram Main Branch

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, അരക്കിണർ മീഞ്ചന്ത, കോഴിക്കോട്

---------------------------------------------------------------------------------------------

A time before the merger of the State Bank of India and its subsidiaries..

With the plan of obtaining a program that the State Bank of India used for comprehensive analysis of Assets an IT team from State Bank of Travancore went to Hyderabad. On returning, a Deputy Manager in the team brought out the question to his controller, “Why don’t we create a program for this ourselves?” This idea was brought up before the management and the confidence in their team and team leader led the management to easily permit them to experiment.
Within one and a half months the team studied the project and decided to proceed.

As they progressed, another idea came up. After three weeks would be the Bank’s Annual General Meeting that would be attended by the SBI Chairman. “Why not get this program inaugurated by him? Would it be ready by then?” Though their head had his doubts, the Deputy Manager smiled. “It would be, sir... have trust”, the words were reflected in his confident smile.

Three weeks later, the then Chairman of SBI visited the IT Department after the Annual General Meeting and inaugurated the ‘ATC' package. A great success by the team under a strong leadership. All the three team members were appreciated. The Deputy Manager who normally moves to the backdrop was pushed to the front by his seniors to be photographed with the SBI Chairman, SBT Managing Director and their team leader.

Some are like that... they complete their job excellently, then draw themselves back into their shells. And this is not just in jobs but in whatever they do. Only those who keenly watch them would realise their talents. Here we present before you such an introvert IT Manager after much

efforts.

S.Venkatanarayana Sarma
State Bank of India
LHO, Thiruvananthapuram

Born as the youngest of the five children of Sankaranarayanan Vadhyar and Bhagavati Ammal in Krishnavilasom madhom near Kollam Ammachiveedu. His father worked in a cashew factory, then joined the Kottarakulam Ganapathi temple as the priest. He passed away when Sarma was just eight. Their elder brother who had joined Syndicate Bank by then took charge of the family. Sarma did his schooling from St. Antony's and St. Aloysius.

It was then that he started collecting stamps. He was encouraged by his brother S.P.Sarma who brought stamps from bank. He was also interested in violin. He got an excellent guru, Rajagopalabhagavathar who was an expert in violin and vocal music. He got the freedom to go and learn whenever he found time.

He got fascinated by photography too. But it was difficult to pursue this expensive hobby at a time when a roll film cost Rs.4/-.

After school he went to the famous S.N.College known to have created many successful personalities. The college would have had an influence in him to get him posting in State Bank of Travancore as soon as he completed his studies. His first posting was in the Adoor branch in 1983. He got transfer to Kollam in 1985. He was there for a decade. He spent his time at Kollam involving in various cultural programmes and social services.

It was then that he befriended the famous magician Titty Karuvelil. It was an opportunity for him to learn the art that fascinated him as a child.

Though his magic lessons ended with his promotion as a computer programmer in 1997, he performed magic tricks during family get togethers and during free time at office enchanting those around him. He sees the opportunity to learn from Sudhakararao Sir, popularly known as T.G.S, as a blessing for the computer programmer in him. As he mentioned that he would prefer to be known as Rao sir's student, his respect and devotion towards Rao sir reflected in his voice.

It was around then that the bank developed its own software called BOS – a software to completely computerise the bank. This software was programmed by Rao sir. It was in this team that Sarma joined on his promotion. A period of his banking life that he would always cherish in his memory.

He then went to CBD Belapur on promotion in the year 2005. Here he learned more about programming. He also secured MSc in IT during this time. In 2006-07, the bank's HRMS department used the program designed by him only to key in employee data. He sees himself lucky to get a chance to go to SBI's corporate office in cross deputation and do this while working in SBT. But very few know that this software had been created by Sarma. In 2012 he got promoted as Manager and worked from 2013 to 2018 in the Kollam Zonal Office. During this

time, he became Chief Manager and got transferred to Kozhikode RBO in 2018 and in 2020 to Thiruvananthapuram LHO. A few IT officers have exclaimed that Sarma is a good teacher who guides the employees who join the IT Department.

Now let’s see a few of his hobbies...

We had already mentioned stamp collection. His brother who guided him was the founder secretary of the Kollam Philatelic Association. Sarma too has worked as its secretary. As part of enhancing stamp collection, in 2003 Sarma became a member of the Philately section of the Thiruvananthapuram postal department. As he was fond of numbers and their sequences, he waited four long months to get the membership number TVM 10000. He is more interested to collect miniature stamps and a block of four stamps, that too including the traffic mark. With his membership in the postal department, he has acquired the blocks of every stamp issued from 2011.

Another hobby he started at school was note collection. Here too, his inspiration was his banker brother. When Sarma joined the bank, he got much more opportunities to collect notes. He got his collection mainly from his friends who knew of his passion. Here too his affinity to certain numbers is visible. Notes with the same number repeated, notes with seven digits in a series (notes of all series would have 6 digits in them except the one next to 999999), notes with missed prints, wrongly printed notes, twice printed notes...(generally called freak notes) they all find place in his collection. He proudly says that he even has a rare note that had two different numbers printed on it and one note without number which had been circulated for some time.

But his most favourite hobby is photography. He has experimented with various cameras and says his perfect partner in photography is his three year old Nikon D 5300.

Though he has every opportunity to conduct a grand exhibition of all his collections and photographs, he has only put up a few small exhibits after being forced by his friends. His exhibitions alongside the Kollam flower show and linked to programmes conducted at the Public library won acclamations from many.

He married Smt Ramadevi in 1995. Sankaranarayana Sarma who completed MCA and got selected in TCS, and Varshini who completed her plus 2 studies are their kids. They both sing well and Varshini plays keyboard and loves to draw and paint.

We had planned an exhibition of Sarma's collections during our Kollam meet but since the meet got postponed, this too did. We believe we would all get a chance to see and appreciate his long-term and rare collections in the future. We the members of Talented Bankers wish there may be many opportunities for his numerous collections to be enjoyed by others in the future. We wish him and his family all prosperity and happiness.